(ഡി) 283 ജീവനക്കാരെയാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റുന്നത്.

(ഇ) ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പഞ്ചായത്തുകളിലെ ജെ.ബി.സി. തസ്തികകൾ

133 (4756) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥ പുനർവിന്യാസത്തിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ജെ. ബി. സി തസ്തിക നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ജെ. ബി. സി. തസ്തികയ്ക്കു പകരമായി എൽ.ഡി.സി തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ജെ. ബി. സി. തസ്തികയ്ക്കു പകരം എൽ. ഡി. സി. തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളാ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് നിലവിൽ വന്നപ്പോൾ നിലനിന്നിരുന്ന ജൂനിയർ ബിൽകളക്ടർ തസ്തികയിൽ ഉണ്ടായിരുന്നതും അതിനുശേഷം പ്രസ്തുത തസ്തികയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ വിരമിച്ചതുമൂലം ഇല്ലാതായതുമായ 160 തസ്തികകൾക്ക് പകരമായി 160 എൽ.ഡി ക്ളാർക്ക് തസ്തികയും ജൂനിയർ ബിൽ കളക്ടർമാർ നിലവിലുള്ള 30 തസ്തികകൾ പ്രസ്തുത ഉദ്യോഗസ്ഥർ സർവ്വീസിൽനിന്നും വിരമിക്കുന്ന മുറയ്ക്ക് എൽ.ഡി ക്ളാർക്ക് തസ്തികകളായി പരിവർത്തനം ചെയ്യാനും 13-2-2009-ലെ സ.ഉ(എം.എസ്.) നമ്പർ 29/09 ത സ്വ ഭ വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

എളവള്ളി ഗ്രാമപഞ്ചായത്തു സെക്രട്ടറി ശ്രീ. ഉണ്ണികൃഷ്ണന്റെ ലീവ് റഗുലറൈസ് ചെയ്യുന്നതിന് നടപടി

134 (4758) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിൽ എളവള്ളി ഗ്രാമപഞ്ചായത്തു സെക്രട്ടറിയായി ജോലിനോക്കുന്ന ശ്രീ. ഉണ്ണികൃഷ്ണൻ തന്റെ 20-4-2009 മുതൽ 14-5-2009 വരെയുള്ള ലീവ് റഗുലറൈസ് ചെയ്തു തരണമെന്നഭ്യർത്ഥിച്ചു നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃശൂർ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)-ക്ക് നൽകിയ പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനമെടുത്തോ എന്നറിയിക്കാമോ ;

(സി) തീരുമാനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly